"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ (KITE) - വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാസ്റ്റർ ട്രെയിനർമാരായി നിയമിച്ചിരുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന കാലയളവ് - 31.03.2026 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.4271/2025/GEDN തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 27.10.2022 ലെ സ.ഉ.(സാധാ) 6182/2022/പൊ.വി.വ.
2. 13.06.2024 ലെ സ.ഉ.(സാധാ) No.3773/2024/പൊ.വി.വ.
3. 07.04.2025, 06.05.2025 തീയതികളിലെ കൈറ്റ് സി.ഇ.ഒ. യുടെ കൈറ്റ്/2025/1235(15) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ KITE മാസ്റ്റർ ട്രെയിനർമാരായി നിയമിക്കാൻ പരാമർശം (1) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. മാസ്റ്റർ ട്രെയിനർമാരുടെ സേവനം പരാമർശം (2) ഉത്തരവ് പ്രകാരം 31.05.2025 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർ ട്രെയിനർമാരുടെ സേവന കാലാവധി 31.05.2025 ൽ അവസാനിച്ചതിനാൽ സേവനം 31.03.2026 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം സി.ഇ.ഒ., കൈറ്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൈറ്റിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം പൊതുവിദ്യാഭ്യാസ വകുപ്പിന് അനിവാര്യമായതിനാൽ പരാമർശം (1) ന്റെ തുടർച്ചയായി താഴെപ്പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ സേവന കാലയളവ് 31.03.2026 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മാസ്റ്റർ ട്രെയിനർമാരായി യോഗ്യതയുള്ള സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്.

2. എന്നാൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ദിവസവേതനക്കാരെ നിയമിക്കാവുന്നതാണ്.

**3.** മാസ്റ്റർ ട്രെയിനർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയും അഭിരുചിയും പ്രാവീണ്യവും സേവന സന്നദ്ധതയും ഉള്ള വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് അപേക്ഷിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
ധനകാര്യ വിദ്യാഭ്യാസ (ബി) വകുപ്പ് (E2435896/EDN-B1/218/2023-FIN)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu.S
Date: 28-06-2025 10:54:20

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്